പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5393 6.7.2012 ൽ മറുപടിക്ക്

**മെഡിക്കൽ സ്റ്റോറുകളിൽ ഫാർമസിസ്റ്റിന്റെ സേവനങ്ങൾ ഉറപ്പാക്കാൻ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. എം. പി. വിൻസെന്റ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| ((എ)സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ ഫാർമസിസ്റ്റിന്റെ സേവനങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) എല്ലാ മെഡിക്കൽ സ്റ്റോറുകളിലും ഫാർമസിസ്റ്റുകളുടെ സേവനം ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു. |
| (ബി)ഇത് സംബന്ധിച്ച് ഡ്രഗ്സ് കൺട്രോളർ എന്തെല്ലാം നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്; | (ബി) മരുന്നുകളുടെ വില്പന പ്രിസ്ക്രിപ്ഷ ന്റെ അടിസ്ഥാനത്തിലും , Schedule -H ലും X- ലും പെട്ട മരുന്നുകളുടെ വില്പന രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സാന്നിധ്യത്തിലും മാത്രമേ വിൽക്കാൻ പ ാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ എൻഫോഴ്സ്മെന്റ് ഓഫീസ റന്മാരോടും അവരുടെ റുട്ടീൻ പരിശോധനവേള യിൽ, രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സാന്നിധ്യവും ഉപഭോക്താക്കൾക്കുള്ള സെയിൽസ് ബില്ലിൽ ഫാർമസിസ്റ്റിന്റെ ഒപ്പും ഉ ണ്ടോ എന്ന് പരിശോധിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ ലൈസൻസ് ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിക്കാനും ഫാർമസിസ്റ്റ് "വൈറ്റ് കോട്ടും" "തിരിച്ചറിയൽ കാർഡും" നിർബന്ധമായി ധരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി)ഫാർമസിസ്റ്റ് ഇല്ലാത്ത മെഡിക്കൽ സ്റ്റോറുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; | (സി) ഫാർമസിസ്റ്റിന്റെ അഭാവത്തിൽ Schedule H-, X ഇവയുടെ വിൽപ്പന Registered Medical Practitioner ടെ പ്രിസ്ക്രിപ്ഷൻ പ്രകാരം മരുന്നു വില്പന കണ്ടെത്തിയാൽ കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2010-2011 വർഷത്തിൽ ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ ക ണ്ടെത്തിയ 242 കടകളുടേയും, 2011-2012-ൽ 270 കടകളുടേയും ലൈസൻസുകൾ താല്ക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. ഫാർമസിസ്റ്റിന്റെ സേവനം പരിശോധനാ വേളയിൽ കാണാത്തപക്ഷം അവർക്കെതിരെ സസ്പെൻഷൻ , കോഷൻ, റിപ്രിമെന്റ്, പ്രോസിക്യൂഷൻ എന്നീ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | |
|---|---|
| (ഡി)ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മരുന്നുകൾ കൈകാര്യം ചെയ്യുന്ന പ്രവണത തടയുമോ; | (ഡി) ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മരുന്നുകൾ വിതരണം ചെയ്യുന്ന മെഡിക്കൽ സ്റ്റോറുക ൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഇ) ഈ കാര്യങ്ങൾ പരിശോധിക്കുന്നതിന് വകുപ്പ്തലത്തിൽ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനം ഒരുക്കിയെന്ന് വിശദമാക്കുമോ? | (ഇ)സംസ്ഥാന ഫാർമസി കൗൺസിലിന്റെ രജിസ്ട്രേഷൻ ഉള്ള ഫാർമസിസ്റ്റുകളുടെ സേവനം ഉള്ള കടകൾക്കു മാത്രമേ ഡ്രഗ്സ് ലൈസൻസുകൾ അനുവദിക്കുന്നതിന് പരിഗ ണിക്കുന്നുള്ളൂ. എല്ലാ മെഡിക്കൽ സ്റ്റോറുക ളിലും ഫാർമസിസ്റ്റുകളുടെ സേവനം ഉറപ്പാ ക്കാൻ ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഒരു വർഷം കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ഒരു കട പരിശോധിച്ച് നിയമങ്ങൾ പാലി ക്കുന്നു എന്ന് ഉറപ്പു വരുത്തുന്നുണ്ട്. ഇതു കൂടാതെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം 'റാൻഡം' പരിശോധനയും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ